## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5739** **02/07/2019-ലെ മറുപടിക്ക്**

## പറമ്പിക്കുളം-ആളിയാർ കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ബാബു | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം ഈ വർഷം എത്ര ടി.എം.സി. ജലമാണ് കേരളത്തിന് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്നും 26.06.2019 വരെ കേരളത്തിന് ലഭിച്ച ജലത്തെ സംബന്ധിച്ച കണക്കുകൾ താഴെ കൊടുക്കുന്നു.<br>**മണക്കടവ് വിയർ-** 7.611 ടി.എം.സി (ഇതിൽ 0.361 ടി.എം.സി ജലം പറമ്പിക്കുളം ഗ്രൂപ്പ് അധിക നീരൊഴുക്കിന്റെ വിഹിതമാണ്.<br>**കേരള ഷോളയാർ പവർ ഹൗസ്** - 9.979 ടി.എം.സി<br>**പെരിയാർ നദീതടത്തിൽ** നീരാറിൽ നിന്നും 0.540 ടി.എം.സി ജലം കേരളത്തിനു ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കരാർ പ്രകാരം കേരളത്തിന് ഓരോ വർഷവും എത്ര വെള്ളമാണ് ലഭിക്കേണ്ടതെന്ന് വിശദമാക്കുമോ ; | ബി) പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം ഒരു ജലവർഷത്തിൽ (ജൂലൈ 1 മുതൽ ജൂൺ 30 വരെ) മണക്കടവ് വിയറിൽ പ്രളയജലം ഒഴികെ, കേരളത്തിന് 7.25 ടി.എം.സി ജലം നൽകേണ്ടതാണ്. കൂടാതെ കേരള ഷോളയാർ റിസർവ്വോയറിലെ ജലനിരപ്പ് സെപ്റ്റംബർ 1 നും ഫെബ്രുവരി 1നും സമ്പൂർണ്ണ ജലനിരപ്പായ +2663 അടിയിൽ നിലനിർത്തേണ്ടതും സെപ്റ്റംബർ 2നും ജനുവരി 31നും ഇടയിലുള്ള കാലയളവിൽ , കേരള ഷോളയാർ ജലസംഭരണി പൂർണ്ണജലസംഭരണ നിരപ്പിന് 5 അടി താഴെയായി(അതായത് +2658 അടി) നിർത്തേണ്ടതുണ്ട്. ഒരു ജലവർഷത്തിൽ കേരള ഷോളയാർ പവർഹൗസിൽ 12.3 ടി.എം.സി ജലം കേരളത്തിന് ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ പറമ്പിക്കുളം ഗ്രൂപ്പ് ഓഫ് ഡാമുകളുടേയും ലോവർ നീരാർ ഡാമിന്റെയും തനതു നീരൊഴുക്ക് 16.35 ടി.എം.സിയിൽ കൂടുതൽ ആവുകയാണെങ്കിൽ 2.5 ടി.എം.സി വരെ ജലം കേരളത്തിന് ചിറ്റൂർ പുഴയിലേയ്ക്കും ബാക്കി ജലം ചാലക്കുടി പുഴയിലേയ്ക്കും അർഹതപ്പെട്ടതാണ്. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാർ വിയറിലെ തനതു നീരൊഴുക്കും കേരളത്തിന് അർഹതപ്പെട്ടതാണ്. |

| | | |
|---|---|---|
| (സി) പ്രസ്തുത കരാർ പുതുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | സി) | 29/05/1970 ൽ ഒപ്പിട്ട പറമ്പിക്കുളം - ആളിയാർ കരാറിന് 09/11/1958 മുതൽ മുൻകാല പ്രാബല്യമുണ്ട്. 30 വർഷം പൂർത്തിയായ 1988-ൽ തന്നെ കരാർ പുനരവലോകന ചർച്ചകൾ തുടങ്ങിയിരുന്നു. ഇതിനോടകം നിരവധി പുനരവലോകന ചർച്ചകൾ നടത്തിയിട്ടുണ്ടെങ്കിലും അധിക ജലം പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ ധാരണയാവാത്തതിനാൽ കരാർ പുനരവലോകനം ഇതു വരെ യാഥാർത്ഥ്യമായിട്ടില്ല. ഏറ്റവും ഒടുവിൽ 19/01/2018 ന തമിഴ്നാടുമായി നടത്തിയ സെക്രട്ടറി തല ചർച്ചയിലും ഈ വിഷയം കേരളം ഉന്നയിക്കുകയുണ്ടായി. ഇതിനു പുറമേ ഇതേ ആവശ്യം ഉന്നയിച്ച് കേരള ചീഫ് സെക്രട്ടറി തമിഴ്നാട് ചീഫ് സെക്രട്ടറിയ്ക്ക് 04/01/2019-ൽ കത്തയച്ചിരുന്നുവെങ്കിലും അതിൽ അനുകൂലമായ പ്രതികരണമൊന്നും തമിഴ്നാടിൽ നിന്ന് ഉണ്ടായിട്ടില്ല. കരാർ പുനരവലോകനത്തിന് തമിഴ്നാടിനെ പ്രേരിപ്പിക്കണമെന്നാവശ്യപ്പെട്ട് 02/02/2019 ന് കേരള ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കേന്ദ്രജല കമ്മീഷനു കത്തയച്ചിട്ടുണ്ട്.<br>28/01/2019 ന് ചേർന്ന 101-ാമത് ജെ.ഡബ്ല്യു.ആർ.ബോർഡ് യോഗത്തിൽ , പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകനം എത്രയും പെട്ടെന്ന് ചെയ്യണമെന്ന് , കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നു. കരാർ പുനരവലോകനം കാലതാമസം കൂടാതെ ചെയ്യേണ്ടതിന്റെ ആവശ്യകത ഇരു സംസ്ഥാന ഗവൺമെന്റുകളെയും അറിയിക്കാൻ ബോർഡ് യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്രകാരം ചെയ്യുകയുണ്ടായി. കേരളത്തിന്റെ താൽപര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചു കൊണ്ട് പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്നും കൂടുതൽ ജലം നേടിയെടുക്കുന്നതിനുള്ള സാധ്യതകളാണ് കേരളം ആരായുന്നത്. കർാർ പുനരവലോകന ചർച്ചകൾ പുനരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**